"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല - ചമ്പക്കുളം മൂലം വള്ളംകളി 2025 - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1450/2025/LSGD തീയതി,തിരുവനന്തപുരം, 12-06-2025

---

പരാമർശം:- 1. ജലോത്സവ സമിതി ജനറൽ കൺവീനർ & തഹസിൽദാർ കുട്ടനാട് സമർപ്പിച്ച 09.05.2025 തീയതിയിലെ ച MBR/1723/2025/C2-A നമ്പർ കത്ത്.

**ഉത്തരവ്**

ചമ്പക്കുളം പമ്പയാറ്റിൽ വച്ച് 2025 ജൂലൈ മാസം 9 -ാം തീയതി നടത്തപ്പെടുന്ന ചമ്പക്കുളം മൂലം വള്ളംകളിയുടെ ചെലവുകൾക്ക് തനത് ഫണ്ടിൽ നിന്നും 75000/- രൂപ വീതം സംഭാവന നൽകുന്നതിന് കുട്ടനാട് താലൂക്കിലെ എല്ലാ പഞ്ചായത്തുകൾക്കും അമ്പലപ്പുഴ താലൂക്കിലെ അമ്പലപ്പുഴതെക്ക് , അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തുകൾക്കും , ആലപ്പുഴ ജില്ലാ പഞ്ചായത്ത്, ചമ്പക്കുളം, വെളിയനാട് ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയ്ക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവാകണമെന്ന് മൂലം ജലോത്സവ സമിതി ജനറൽ കൺവീനർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025 ജൂലൈ മാസം 9 -ാം തീയതി ചമ്പക്കുളം പമ്പയാറ്റിൽ വച്ച് നടത്തപ്പെടുന്ന ചമ്പക്കുളം മൂലം വള്ളംകളിയുടെ ചെലവുകൾക്ക് കുട്ടനാട് താലൂക്കിലെ എല്ലാ പഞ്ചായത്തുകളിൽ നിന്നും അമ്പലപ്പുഴ താലൂക്കിലെ അമ്പലപ്പുഴതെക്ക്, അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തുകൾ, ആലപ്പുഴ ജില്ലാ പഞ്ചായത്ത്, ചമ്പക്കുളം, വെളിയനാട് ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ നിന്നും **50000/- രൂപ വീതം** (അമ്പതിനായിരം രൂപ മാത്രം) തനത് ഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാനത്തിന് വിധേയമായി സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. ചിത്ര പി അരുണിമ കെ എ എസ്

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്.
ജനറൽ കൺവീനർ , മൂലം ജലോത്സവ സമിതി & തഹസിൽദാർ കുട്ടനാട്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 12-06-2025 13:45:10

പകർപ്പ് : ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്.